പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ

16 (*736) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ച തെന്നാണ് ; പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അതോറിറ്റിയിൽ ലഭിച്ച എത്ര പരാതികളിൻമേൽ തീർപ്പ് കല്പിക്കാനുണ്ട് ; പരാതികൾ കെട്ടിക്കിടക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ലഭിക്കുന്ന പരാതികളിൽ യഥാസമയവും കെട്ടിക്കിടക്കുന്ന പരാതികളിൽ സമയബന്ധിതമായും തീർപ്പ് കല്പിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) 11-5-2007-ലെ 29926/ഇ1/2007/ആഭ്യന്തരം നമ്പർ വിജ്ഞാപനം പ്രകാരം സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും 24-8-2007-ലെ 52673/ഇ1/07/ആഭ്യന്തരം നമ്പർ വിജ്ഞാപനപ്രകാരം ജില്ലാ പോലീസ് കംപ്ലയിൻസ് അതോറിറ്റികളും രൂപീകരിച്ചു. 2011-ലെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം പോലീസ് സൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുതൽ താഴെ റാങ്കിലുള്ള ഏത് പോലീസ് ഉദ്യോഗസ്ഥന്റെയും പേരിലുള്ള പരാതികൾ അതായത്, കസ്റ്റഡിയിലുള്ള സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം, ബലാൽസംഗം, മരണത്തിനിടയാക്കുന്ന പരുക്കേൽപ്പിക്കൽ, ഗുരുതരമായ പരുക്കേൽപ്പിക്കൽ എന്നിവ സംബന്ധിച്ച പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികൾ ഉൾപ്പെടെ പരിഗണിക്കുന്നുണ്ട്.

(ബി) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ തീർപ്പ് കൽപ്പിക്കാനുള്ള പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി- 490 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി

1.	തിരുവനന്തപുരം	232
2.	കൊല്ലം	433
3.	പത്തനംതിട്ട	60
4.	ആലപ്പുഴ	369
5.	കോട്ടയം	52
6.	ഇടുക്കി	62
7.	എറണാകുളം	402
8.	തൃശ്ശൂർ	177
9.	പാലക്കാട്	53
10.	മലപ്പുറം	62
11.	വയനാട്	33
12.	കോഴിക്കോട്	28
13.	കണ്ണൂർ	58
14.	കാസർഗോഡ്	37

പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ പരാതികൾ കെട്ടികിടക്കുന്നില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പരാതികളിൽ തീർപ്പുകൽപ്പിച്ചു വരുന്നുണ്ട്.

(സി) ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവം അനുസരിച്ചുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്. പരാതി അതോറിറ്റിയിൽ സ്വീകരിച്ച് കഴിഞ്ഞാൽ കുറ്റാരോപിതനായ പോലീസ് ഉദ്യോഗസ്ഥന്റെ പ്രതിവാദ പത്രിക സമർപ്പിക്കാൻ ആവശ്യപ്പെടുകയും ആയതിന് 14 ദിവസത്തിൽ കുറയാത്ത സമയപരിധി നൽകുകയും ചെയ്യുന്നു. പ്രതിവാദ പത്രിക ലഭിച്ചു കഴിഞ്ഞാൽ പരാതി തീർപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

വിദ്യാർത്ഥികൾക്കുള്ള പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ

17 (*737) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ വനംവകുപ്പ് സംഘടിപ്പിക്കാറുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇതിനായി എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly